കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശൂന്യവേതനാവധി—നിലവിലുള്ള പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

**സ. ഉ. (പി) നം. 8/2017/ഉ.ഭ.പ.വ** *തീയതി, തിരുവനന്തപുരം, 2017 ജൂലായ് 5.*

---

## ഉത്തരവ്

കേരള പാർട്ട്-ടൈം കണ്ടിജന്റ് സർവ്വീസ് വിശേഷാൽ ചട്ടം 14 (b) പ്രകാരം പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പ്രത്യേക സാഹചര്യങ്ങളിൽ 120 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കാവുന്നതാണ്. പ്രസ്തുത അവധിക്ക് ഉപരിയായി പ്രത്യേക കേസായി പരിഗണിച്ച് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പ്രത്യേക സാഹചര്യങ്ങളിൽ/ മെഡിക്കൽ ആവശ്യങ്ങൾക്ക് അനുവദിക്കാവുന്ന ശൂന്യവേതനാവധിയുടെ പരിധി നിലവിലുള്ള 120 ദിവസത്തിൽ നിന്നും 240 ദിവസമായി ഉയർത്തി ഉത്തരവാകുന്നു. പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ഒരു കലണ്ടർവർഷം 120 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം നിയമനാധികാരിയിലും, അതിനുമുകളിൽ 240 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഭരണ വകുപ്പിലും നിക്ഷിപ്തമായിരിക്കും.

3. മേൽപ്രകാരം ദീർഘകാല അവധി പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് അനുവദിക്കുന്നത് മൂലം പ്രസ്തുത ഓഫീസിന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിന് പാർട്ട്-ടൈം തസ്തികയിൽ ഉണ്ടാകുന്ന ഒഴിവ് ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നികത്തുന്നതിന് (അതത് കാലങ്ങളിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി) ബന്ധപ്പെട്ട നിയമനാധികാരികൾക്ക് അനുമതി നൽകുന്നു.

[മറുപുറം

4. കേരള പാർട്ട്-ടൈം കണ്ടിജന്റ് വിശേഷാൽ ചട്ടത്തിൽ ആവശ്യമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സത്യജീത് രാജൻ,**
*പ്രിൻസിപ്പൽ സെക്രട്ടറി.*

പകർപ്പ് :

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാമന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.